## ചെയർമാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം

(ഹാജർ: {ഡോ. അദീല അബ്ദുള്ള ഐ.എ.എസ്)

വിഷയം:കോവിഡ്-19- പ്രതിരോധ പ്രവർത്തനങ്ങൾ- പഞ്ചായത്ത്തല, വാർഡ് തല ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്- ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവ്- സംബന്ധിച്ച്

സൂചന:ജില്ലാ കളക്ടറുടെ 24.03.2020 ലെ DCWYD/2909/2020-DM1 നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ DCWYD/2909/2020-DM1 തീയ്യതി: 27.03.2020

കോവിഡ്-19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വയനാട് ജില്ലയിൽ രോഗവ്യാപനം തടയുന്നതിനും, പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ട ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും അവബോധം നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമ്പർക്ക വിലക്ക് ഏർപ്പെടുത്തിയിട്ടുള്ള ആളുകളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനുമായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിലും വാർഡ് തലത്തിലും വാർഡ്/ ഡിവിഷൻ തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ആയതിന്റെ ചുമതല ഉദ്യോഗസ്ഥർക്ക് നൽകിക്കൊണ്ട് സൂചനപ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

മേൽ ഉത്തരവിലെ മൂപ്പൈനാട് ഗ്രാമ പഞ്ചായത്തിന്റെ ചുമതല നൽകിയിരുന്ന ഉദ്യോഗസ്ഥനായ ജില്ലാ ലേബർ ഓഫീസറെ പ്രസ്തുത ചുമതലയിൽ നിന്ന് മാറ്റിക്കൊണ്ടും പകരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനായ അസി. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് മൂപ്പൈനാട് പഞ്ചായത്തിന്റെ ചുമതല കൂടി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉദ്യോഗസ്ഥൻ സൂചനാ ഉത്തരവിൽ പറഞ്ഞ നിർദ്ദേശങ്ങൾ പ്രകാരം മേപ്പാടി മൂപ്പൈനാട് ഗ്രാമ പഞ്ചായത്തുകളുടെ ചുമതല നിർവ്വഹിക്കേണ്ടതാണ്.

~~ജില്ലാ കളക്ടർ~~

sd/- ജില്ലാ കളക്ടർ

27/3/2020

പകർപ്പ്

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, വയനാട്.
2. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്.
3. പ്രസിഡന്റ്, മേപ്പാടി/ മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്
4. സെക്രട്ടറി, മേപ്പാടി/ മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്.
5. ജില്ലാ ലേബർ ഓഫീസർ, വയനാട്.
6. അസി. പ്രിൻസിപ്പൽ അഗ്രി. ഓഫീസർ, വയനാട്.